## പ്രതിവാരം

സീതി

# സഖാവ് പിണറായിയും ജനാബ് പിണറായിയും

**ഹെലൻ** കാരെ ദേഎൻകാസ് (Helene Carrere dEncusse) എന്ന ഫ്രഞ്ച് പത്രപ്രവർത്തക 1979-ൽ എഴുതിയ Decline of an Empire എന്ന ഗ്രന്ഥത്തെക്കുറിച്ച് മുമ്പൊരിക്കൽ ഈ കോളത്തിൽ ഒന്ന് സൂചിപ്പിച്ചു പോയിരുന്നു. പുസ്തകത്തെക്കുറിച്ച് അൽപം: സോവിയറ്റ് യൂനിയൻ വീരശൂരപരാക്രമിയായി ലോകം വിലസുന്ന കാലത്താണ് പുസ്തകം എഴുതപ്പെടുന്നത്. നമ്മുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറി മുതൽ ഇ.എം.എസ് വരെ, കടലിലും കരയിലുമുള്ള മുഴുവൻ കമ്യൂണിസ്റ്റുകളും ഇന്നല്ലെങ്കിൽ നാളെ ലോകം മുഴുക്കെ സോഷ്യലിസം വ്യാപിക്കുമെന്ന് ആത്മാർഥമായി വിശ്വസിച്ച്, അങ്ങനെയൊരു നിമിഷത്തിനായി ശ്വാസമടക്കിപ്പിടിച്ചു നിന്നിരുന്ന കാലം. സോവിയറ്റ് യൂനിയൻ തകരുന്നത് പോയിട്ട് ദുർബലപ്പെടുമെന്ന് പറഞ്ഞാൽ വരെ ബുദ്ധിജീവിപ്പട്ടം നഷ്ടപ്പെടുകയും സി.ഐ.എ പട്ടം കിട്ടുകയും ചെയ്യുന്ന അവസ്ഥ. അങ്ങനെയൊരു കാലത്താണ് സോവിയറ്റ് നാടുകൾ മുഴുവൻ സന്ദർശിച്ച ശേഷം, ഹെലൻ മുന്നൂറിലേറെ പേജുള്ള ഈ പുസ്തകം എഴുതുന്നത്. അധികം വിദൂരമല്ലാത്ത ഭാവിയിൽ സോവിയറ്റ് യൂനിയൻ തകരാൻ പോവുന്നുവെന്നാണ് അനിതര സാധാരണമായ വിശകലന പാടവത്തോടെ ഹെലൻ പുസ്തകത്തിൽ സമർഥിച്ചത്.

സോവിയറ്റ് യൂനിയനകത്തെ ഇസ്‌ലാമിക സമൂഹത്തെക്കുറിച്ച് ഹെലൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവ്വിഷയത്തിൽ രണ്ട് അധ്യായങ്ങൾ ഗ്രന്ഥത്തിലുണ്ട്. Islam: cement of political and social organisation എന്നാണ് ഒരു അധ്യായത്തിലെ തലക്കെട്ടു തന്നെ. ഇസ്‌ലാം സ്വയമേവ ഒരു സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനമാണെന്നും അതിനെ സോവിയറ്റിസം എന്ന ബൃഹദ് ആഖ്യാനത്തിനകത്ത് ലയിച്ചു ചേർക്കാൻ കഴിയില്ലെന്നുമുള്ള യാഥാർഥ്യമാണ് അവർ സ്പഷ്ടമാക്കുന്നത്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സോവിയറ്റ് കമ്യൂണിസ്റ്റ് ദേശീയ മുഖ്യധാരയിൽ ഉദ്ഗ്രഥിച്ച് ചേർക്കാൻ സോവിയറ്റ് നേതൃത്വം പയറ്റിനോക്കിയ അടവുകളും തന്ത്രങ്ങളും ലേഖിക വിശദീകരിക്കുന്നുണ്ട്. പേടിപ്പിച്ചും പ്രീണിപ്പിച്ചും തിരസ്കരിച്ചും പരിഷ്കരിച്ചും മുസ്‌ലിം ക്വസ്റ്റ്യൻ പരിഹരിക്കാൻ കമ്യൂണിസ്റ്റുകൾ ഏറെ പാടുപെട്ടിട്ടുണ്ട്. ഒരു വേള താഷ്കന്റിലെ പാർട്ടി പത്രത്തിന്റെ പ്രസ്സിൽ വെച്ചു തന്നെ ഖുർആൻ അച്ചടിക്കാനുള്ള സംവിധാനം പോലും അവർ ഏർപ്പെടുത്തിയിട്ടുണ്ട് (പേജ് 230). എന്നിട്ടും സോവിയറ്റ് യൂനിയൻ പിടിച്ചു നിന്നില്ല. മഹത്തായ സോവിയറ്റ് യൂനിയൻ അന്തരിച്ച് ചാവടിയന്തിരം തീരുന്നതിനു മുമ്പ് പുതിയ റിപ്പബ്ലിക്കുകൾ ജനിച്ചുണർന്നു. അതിൽ അര ഡസനിലേറെ മുസ്‌ലിം റിപ്പബ്ലിക്കുകളായിരുന്നു. അവയിലാകട്ടെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇപ്പോൾ അമേരിക്കൻ പക്ഷത്തായ അവശിഷ്ട കമ്യൂണിസ്റ്റ് നേതൃത്വത്തോട് പൊരുതിക്കൊണ്ട് വമ്പിച്ച സാമൂഹിക രാഷ്ട്രീയ സാന്നിധ്യമായി നിലകൊള്ളുകയും ചെയ്യുന്നു.

ഇതൊക്കെ ഇപ്പോൾ ഓർക്കാൻ കാരണം സഖാവ് പിണറായി വിജയൻ അടുത്തിടെ നടത്തിയ ഒരു പരിപാടിയെക്കുറിച്ച് പാർട്ടി പത്രത്തിൽ വന്ന വാർത്ത കണ്ടപ്പോഴാണ്. സ്ഥലം കുറ്റ്യാടി, വരപ്പുറത്ത് ഫിറോസിന്റെ വീട്ടുമുറ്റം. തീയതി മാർച്ച് 1 വ്യാഴം. സംഭവം - പിണറായിയുടെ മുസ്‌ലിം മീറ്റ്- വിശദീകരിക്കാം.

മുസ്‌ലിംകളിലേക്ക് പാർട്ടിക്കിറങ്ങിച്ചെല്ലേണ്ടതുണ്ട്. അവരിൽനിന്ന് ആളും അർഥവും ഉണ്ടാകേണ്ടതുണ്ട്. മീഡിയേറ്റർമാരുടെ ആവശ്യമില്ലാതെ തന്നെ മുസ്‌ലിംകളുമായി സംവദിക്കാനും അവരിൽ സ്വാധീനമുറപ്പിക്കാനും കഴിയും എന്നതാണ് പിണറായി ലൈൻ. അതിന്റെ ഭാഗമായി നടക്കുന്ന ബഹുമുഖ പരിപാടികളിലൊന്ന് മാത്രമാണ് മേപ്പടി മുസ്‌ലിം മീറ്റ്. നാദാപുരത്തും ഇതുപോലൊന്ന് അൽപം മുമ്പ് നടന്നിരുന്നു. മുസ്‌ലിം-കമ്യൂണിസ്റ്റ് സംഘട്ടനങ്ങളുടെ കേന്ദ്രമായ നാദാപുരം മേഖലയിൽനിന്ന് തന്നെ ഇത് ആരംഭിച്ചതിൽ ചില സന്ദേശങ്ങളുണ്ടാകാം. മഹല്ലു കമ്മിറ്റികളിൽ പിണങ്ങിനിൽക്കുന്നവർ, പണക്കാരായിട്ടും മത-സാമൂഹിക സംരംഭങ്ങളിൽ വേണ്ടത്ര പരിഗണന കിട്ടിയിട്ടില്ലാത്തവർ, സുന്നി പ്രസ്ഥാനത്തിലെ ഒരു ഗ്രൂപ്പിനോട് ആഭിമുഖ്യം പുലർത്തുന്നവർ തുടങ്ങിയവരാണ് മീറ്റുകളിൽ പങ്കെടുത്തവർ.

യാഥാർഥ്യ ബോധവും പ്രായോഗിക ബുദ്ധിയുമുള്ള രാഷ്ട്രീയ നേതാവ് ചെയ്യേണ്ടതു തന്നെയാണ് പിണറായിയും ചെയ്തത്. മതസമൂഹങ്ങൾ തിങ്ങിപ്പാർക്കുന്നിടത്ത് വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തെക്കുറിച്ച് ക്ലാസെടുത്ത് വിശ്വാസികളെ പരിവർത്തി

പ്പിച്ചതിനു ശേഷം വേണം പാർട്ടി കെട്ടിപ്പടുക്കാൻ എന്ന് വാശിപിടിക്കുന്ന തനത് മാർക്സിസ്റ്റുകളുടെ സിദ്ധാന്ത രോഗം പിണറായിക്ക് ഒട്ടും ഇല്ല. കാര്യം നടക്കണമെങ്കിൽ ഇങ്ങനെ പലതും വേണമെന്ന് കട്ടായം.

പക്ഷേ, ഇങ്ങനെ പോയാലും മുസ്ലിംകളുടെ കാര്യത്തിലെങ്കിലും കാര്യം നടക്കുമോ?

നിങ്ങളുടെ മതവിശ്വാസമൊക്കെ ശരി. നിസ്കരിക്കേണ്ടവർ നിസ്കരിച്ചോളൂ. നോമ്പെടുക്കേണ്ടവർ പാർട്ടി പരിപാടിക്ക് വരുമ്പോഴും നോമ്പെടുത്തോളൂ. പക്ഷേ, തീവ്രവാദത്തിനും ഫാഷിസത്തിനും സാമ്രാജ്യത്വത്തിനും മുസ്ലിം പീഡനത്തിനുമെതിരായ സമരം മുന്നോട്ടുകൊണ്ട് പോവാൻ ഇടതുപക്ഷത്തിനേ കഴിയൂ. തലശ്ശേരിയിലെ മെരുവമ്പായി പള്ളി സംരക്ഷിക്കാൻ കാവൽ നിന്ന് ആർ.എസ്.എസ് കൊലക്കത്തിക്കിരയായ ധീരരക്തസാക്ഷി യു.കെ കുഞ്ഞിരാമനെ നോക്കൂ. ആരാധനാ സ്വാതന്ത്ര്യം സംരക്ഷിക്കാൻ പോരാടി രക്തസാക്ഷിയായവരുടെ പാർട്ടി എങ്ങനെയാണ് മതത്തിനെതിരാവുക? പിണറായി ചോദിക്കുന്നു.

ചോദ്യോത്തര സെഷനുമുണ്ടായിരുന്നു പരിപാടിയിൽ. ജമാഅത്തെ ഇസ്ലാമിയെ കുറിച്ച ചോദ്യത്തിന് പിണറായിയുടെ മറുപടി ഇപ്രകാരം. "അവർ എളുപ്പക്കാരല്ല. സ്ഥായീ സ്വഭാവമുള്ളവരാണ്. അവർക്ക് കൃത്യമായ അജണ്ടകളുണ്ട്. അവർ ഞങ്ങൾക്ക് വോട്ട് തന്നത് പോലും ചില അജണ്ടകളുടെ ഭാഗമാണ്. ഞങ്ങളുടെ അജണ്ടകളുടെ ഭാഗമായാണ് ഞങ്ങൾ വോട്ട് സ്വീകരിച്ചതും. തുറന്ന് കാണിക്കേണ്ട അവസരങ്ങളിൽ ഞങ്ങൾ അവരെ തുറന്ന് കാണിക്കാറുണ്ട്".

പിണറായി കാര്യങ്ങൾ മനസ്സിലാക്കുന്നുണ്ട് എന്നത് തന്നെയാണ് ശരി. പക്ഷേ വലിയൊരു ശരി അദ്ദേഹം അറിയാതെ പോയി. ജമാഅത്തെ ഇസ്ലാമിയല്ല, ഇസ്ലാം തന്നെയാണ് സ്ഥായീ സ്വഭാവമുള്ളത്. അതിനെ അത്ര എളുപ്പത്തിൽ അങ്ങനെ അണ്ണാക്ക് തൊടാതെ വിഴുങ്ങാൻ കഴിയുമെന്നത് നികുതിയടക്കേണ്ടതില്ലാത്ത സ്വപ്നം മാത്രമായിരിക്കും. ഹെലൻ അവരുടെ പുസ്തകത്തിൽ സൂചിപ്പിച്ചതു പോലെ രാഷ്ട്രീയ സാമൂഹിക സംഘാടനത്തിന്റെ സിമന്റ് കൂട്ട് ആയിട്ടുള്ള ഒരു ആശയസമൂഹത്തെ പഴയ മുദ്രാവാക്യങ്ങൾ വിളിപ്പിച്ച് അത്രയെളുപ്പത്തിൽ അങ്ങ് ഒപ്പം കൂട്ടാൻ പറ്റുമോ. സോവിയറ്റ് യൂനിയന് സാധിക്കാത്തത് പിണറായിക്ക് സാധിക്കുമെന്ന് പറഞ്ഞാൽ അത് അൽപം അതിരു കടക്കലല്ലേ?! ■